പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7018 13.7.2012 ലെ മറുപടിക്ക്

കേരളത്തിലെ പട്ടികജാതി കോളനിയെപ്പറ്റി 'കില' നടത്തിയ സർവ്വെ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ)കേരളത്തിലെ പട്ടികജാതി കോളനിയെപ്പറ്റി 'കില' നടത്തിയ സമഗ്ര സർവ്വെ പ്രകാരം ആലുവ മണ്ഡലത്തിലെ അങ്കമാലി ബ്ളോക്കിൽ ഉൾപ്പെടുന്ന തിരുനാരായണപുരം കോളനി എന്നറിയപ്പെടുന്ന പാറപ്പുറം പട്ടികജാതി കോളനിയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ ; | എ) | ഉണ്ട്. |
| (ബി)50 ൽ പരം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന കോളനികൾക്ക് ഏർപ്പെടുത്തിയ വികസന പാക്കേജ് എന്തുകൊണ്ടാണ് 70 ൽ പരം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന ആലുവ നിയോജക മണ്ഡലത്തിലെ തിരുനാരായണപുരം കോളനി എന്ന പാറപ്പുറം കോളനിയ്ക്ക് കഴിഞ്ഞ സാമ്പത്തികവർഷം നിഷേധിച്ചതെന്ന് വ്യക്തമാക്കുമോ; | ബി) | തിരുനാരായണപുരം എന്ന പാറപ്പുറം കോളനിയെ പാറപ്പുറം -1, പാറപ്പുറം-2, പാറപ്പുറം-3, പാറപ്പുറം-4 എന്നിങ്ങനെ നാലു കോളനികളായിട്ടാണ് സർവ്വേ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ ഓരോന്നിലും 50 ൽ താഴെ പട്ടികജാതി കുടുംബങ്ങൾ മാത്രമേ താമസിക്കുന്നുള്ളൂ. |

| | |
|---|---|
| (സി)പ്രസ്തുത കോളനിയെക്കുറിച്ച് 'കില' നടത്തിയ സർവ്വേയിൽ അപാകത സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ? | സി) അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ